# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 119 | 28.10.2019- ൽ മറുപടിയ്ക്ക്

### പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ്<br>,, ഷാഫി പറമ്പിൽ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നോർക്ക ഡിപ്പാർട്ട്മെൻറ് - പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പ്രവാസി പുനരധിവാസ പദ്ധതി എന്നാണ് നടപ്പിലായതെന്ന് വിശദമാക്കാമോ; | എ) | നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി 2013-14 സാമ്പത്തിക വർഷത്തിലാണ് നടപ്പിലാക്കിയത്. |
| ബി) | ഏതെല്ലാം ബാങ്കുകൾ ഇപ്പോൾ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | നിലവിൽ താഴെ പറയുന്ന 14 ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം ലോൺ നൽകി വരുന്നുണ്ട്.<br>1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ<br>2. സൗത്ത് ഇന്ത്യൻ ബാങ്ക്<br>3. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ<br>4. സിൻഡിക്കേറ്റ് ബാങ്ക്<br>5. ബാങ്ക് ഓഫ് ബറോഡ<br>6. ഇന്ത്യൻ ഓവർസീസ് ബാങ്ക്<br>7. ഫെഡറൽ ബാങ്ക്<br>8. ബാങ്ക് ഓഫ് ഇന്ത്യ<br>9. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചറൽ റൂറൽ ഡെവലപ്മെന്റ് ബാങ്ക്<br>10. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ<br>11. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ<br>12. കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ<br>13. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കോഴിക്കോട് |

| | | | |
|---|---|---|---|
| | | | 14. കേരള സ്റ്റേറ്റ് പ്രവാസി ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മലപ്പുറം |
| സി) | 2016 മാർച്ച് 31 വരെ ഈ പദ്ധതി പ്രകാരം എത്ര പേർക്ക് ബാങ്കുകൾ മുഖേന വായ്പ സഹായം നല്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | സി) | 2016 മാർച്ച് 31 വരെ ഈ പദ്ധതി പ്രകാരം 1104 പേർക്ക് വായ്പ നൽകിയിട്ടുണ്ട്. |
| ഡി) | 2016 മെയ് ഒന്ന് മുതൽ 2019 സെപ്തംബർ ഒന്ന് വരെ ഈ പദ്ധതി പ്രകാരം എത്രപേർക്ക് സഹായങ്ങൾ നൽകിട്ടുണ്ട്; ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | ഡി) | 2016 മെയ് മുതൽ 2019 സെപ്തംബർ ഒന്നുവരെ ഈ പദ്ധതി പ്രകാരം 2012 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.<br>തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതിരേഖകൾ തയ്യാറാക്കി ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കാനുള്ള സഹായവും സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നൽകിവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**